6. കൂടാതെ വന-വന്യജീവി സംരക്ഷണം സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് 3 പ്രത്യേക കോടതികൾ നിലവിലുണ്ട്.

7. വനസംരക്ഷണം, വന്യജീവി സംരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുക.

(ബി) 1997-ൽ വനംവകുപ്പ് പീച്ചിയിലെ വനഗവേഷണ സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ നടത്തിയ വന്യജീവി സെൻസസ് പ്രകാരം കാട്ടിൽ 5737 ആനകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. നാട്ടിൽ ഏകദേശം 450 ആനകൾ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) ടൂറിസം വിഭാഗത്തിന്റെ ഗജമേളയിൽ ആനകളെ പീഡിപ്പിക്കുന്നതായിട്ടുള്ള പരാതികൾ ഉയർന്നിട്ടുണ്ട്. ഇത് ടൂറിസം വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഗജമേള അടുത്ത വർഷം മുതൽ നിർത്തിവയ്ക്കുമെന്ന് അവർ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു ആനിമൽസ് ആക്റ്റിൽ ആനകൾ ഉൾപ്പെടെയുള്ള മറ്റ് മൃഗങ്ങളെയും പീഡിപ്പിക്കുന്നതിനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ വകുപ്പുകളുണ്ട്.

(ഡി) ആനകളിൽ മദപ്പാട് ഇളകുന്നത് പ്രകൃത്യായുള്ളതാണ്. ആനകളിൽ രോഗങ്ങൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആനകൾ ഉൾപ്പെടെ മൃഗങ്ങളുടെ ചികിത്സാ പ്രവർത്തനങ്ങൾ നടത്തുന്നതിന് വനംവകുപ്പിന് മൂന്ന് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ചികിത്സാ സംഘം പ്രവർത്തിക്കുന്നുണ്ട്.

(ഇ) വാഴച്ചാൽ മേഖലകളിൽ ആനകളുടെ ആവാസ വ്യവസ്ഥയെ കുറിച്ചും രോഗങ്ങളെക്കുറിച്ചും പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും കേരളകാർഷിക സർവ്വകലാശാലയിലെ ഡോ. ജേക്കബ് വി. ചീരഞ്ജന 1994-97 ൽ വനം വകുപ്പ് ചുമതലപ്പെടുത്തിയിരുന്നു.

അനധികൃതവേട്ട നിയന്ത്രിക്കുവാൻ നടപടികൾ

66 (1121) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട മലനിരകളിലെ വനമേഖലയിൽ വേട്ടക്കാരുടെ ആക്രമണത്തിൽ ജീവജാലങ്ങൾക്ക് വൻതോതിൽ ജീവാപായം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനധികൃതവേട്ട നിയന്ത്രിക്കുവാൻ നടപടികൾ കൈക്കൊണ്ട് ജീവജാലങ്ങളുടെ ജീവൻ സംരക്ഷിക്കുവാൻ നടപടികൾ കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) വൻതോതിലുള്ള വന്യമൃഗവേട്ട ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും അനധികൃത വന്യമൃഗവേട്ട തടയുന്നതിനും വന്യജീവി സംരക്ഷണത്തിനുമായി താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. വനനിയമം, വന്യജീവി സംരക്ഷണ നിയമം എന്നിവ കർശനമായി നടപ്പിലാക്കുക.

2. സംരക്ഷണ വിഭാഗം ജീവനക്കാരെ പട്രോളിംഗിനായി സജ്ജരാക്കുക, അവർക്ക് വാഹനം, വാർത്താവിനിമയോപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുക.

3. ബീറ്റ് സമ്പ്രദായം പരിഷ്ക്കരിച്ച്, 88 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ശേഷിക്കുന്ന പ്രശ്ന പ്രദേശങ്ങളിലും കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

4. പ്രശ്ന പ്രദേശങ്ങളിലെ സംരക്ഷണപ്രവർത്തനങ്ങൾക്ക് പിൻബലമേകാൻ 8 ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനുകളും, 22 ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചുകളും ആയുധവാഹന വയർലെസ് സംവിധാനത്തോടു കൂടി പ്രവർത്തിക്കുന്നുണ്ട്.

5. അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും, വൈൽഡ് ലൈഫ് വാർഡർമാർക്കും സംരക്ഷണം സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും സംയുക്ത പട്രോളിംഗ് നടത്തുന്നതിനും സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കി വരുന്നു.

6. കൂടാതെ വന്യജീവി സംരക്ഷണസംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് 3 പ്രത്യേക കോടതികൾ നിലവിലുണ്ട്.

7. വനസംരക്ഷണം, വന്യജീവി സംരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുക.

മലയോര മേഖലകളിൽ കാട്ടാനശല്യം തടയുന്നതിന് നടപടി

67 (1122) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കിഴക്കൻ മലയോരമേഖലകളിൽ കാട്ടാനശല്യം തടയുന്നതിന് നടപടി സ്വീകരിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly